പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1557 — 06.03.2020-ലെ മറുപടിക്ക്

# റോഡ് സേഫ്റ്റി അതോറിറ്റി സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി. ഉണ്ണി | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | റോഡ് സേഫ്റ്റി അതോറിറ്റിയുടെ നേതൃത്വത്തിൽ റോഡ് സേഫ്റ്റിക്കായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ച് വരുന്നത്; വിശദാംശം ലഭ്യമാക്കാമോ; | (എ) | റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ റോഡ് സുരക്ഷക്കായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1) <u>സേഫ് കേരള പദ്ധതി</u><br>കേരളത്തിലെ റോഡുകളെ അപകട വിമുക്തമാക്കുന്നതിനായി 24 മണിക്കൂറും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഉറപ്പു വരുത്തുന്നതിനുള്ള 'സേഫ് കേരള പദ്ധതി'.<br>2) <u>ശബരിമല സേഫ് സോൺ</u><br>ഉത്സവകാലത്ത് ശബരിമല അപകട വിമുക്തമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന 'ശബരിമല സേഫ് സോൺ പദ്ധതി'.<br>3) <u>ബ്ലാക്ക് സ്പോട്ട് പരിഹാര നടപടികൾ</u><br>കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി നാറ്റ്പാക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി, പോലീസ്- പൊതുമരാമത്ത് - മോട്ടോർ വാഹന വകുപ്പുകളുടെയും സഹായത്തോടെ പരിശോധന നടത്തി പരിഹാരങ്ങൾ നിർദ്ദേശിക്കുകയും തുടർനടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു.<br>4) <u>മാതൃകാ സുരക്ഷാ വീഥി</u><br>സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ സ്ഥാപിച്ച് സുരക്ഷാ ഇടനാഴികൾ സൃഷ്ടിക്കുന്ന പദ്ധതിയാണിത്. ഇതിലാദ്യത്തേതാണ് ലോക ബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച അടൂർ - കഴക്കൂട്ടം മാതൃകാ സുരക്ഷാവീഥി. |

| | | | |
|---|---|---|---|
| | | | ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതിനായി പരിഗണനയിലുള്ള ചില പദ്ധതികൾ താഴെ പറയുന്നു.<br>1. തൃശ്ശൂർ - കുന്നംകുളം റോഡ് (24 കി.മീ.)<br>2. എറണാകുളത്തെ ഇ-യാത്ര പദ്ധതി (വൈപ്പിൻ - മുനമ്പം)<br>3. കൊട്ടിയം - കുണ്ടറ (17 കി.മീ.)<br>4. മെഡിക്കൽ കോളേജ് - പേട്ട, തിരുവനന്തപുരം<br>5. വെള്ളയമ്പലം - തമ്പാനൂർ, തിരുവനന്തപുരം<br>6. പാവങ്ങാട് - കോരപ്പുഴ, കോഴിക്കോട് (5.5 കി.മീ.)<br>5) <u>ബോധവൽക്കരണ പരിപാടികൾ</u><br>റോഡ് സുരക്ഷാ വാരാചരണം എഫ്.എം ഓൾ ഇന്ത്യ റേഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന പരിശീലന / ബോധവൽക്കരണ ക്ലാസ്സുകൾ, സ്കൂൾ/ കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധ ക്ലാസുകൾ, അച്ചടി - ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയ റോഡു സുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികൾ നടത്തിവരുന്നു.<br>6) <u>റോഡ് സുരക്ഷാ വാരാചരണം</u><br>റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങൾ തടയുന്നതിനും ഉതകുന്ന കർശന വാഹന പരിശോധന, ബോധവൽക്കരണ പരിപാടികൾ, ഡ്രൈവർമാർക്കുള്ള അവബോധ / പരിശീലന പരിപാടികൾ, കാഴ്ചകുറയ്ക്കുന്ന തരത്തിലുള്ള റോഡിനരികിലെ വൃക്ഷശിഖരങ്ങൾ, സുഗമമായ യാത്രയ്ക്ക് വിഘാതം നിൽക്കുന്ന സംഗതികൾ എന്നിവ നീക്കം ചെയ്യൽ തുടങ്ങിയ പരിപാടികൾ വർഷംതോറും നടത്തിവരുന്നു. ഈ വർഷത്തെ വാരാചരണം 2020 ജനുവരി 11 മുതൽ 17 വരെ ആയിരുന്നു. |

| | | | |
|---|---|---|---|
| | | | 7) <u>സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധ പരിപാടി</u><br>കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധം വളർത്തിയെടുക്കുന്നതിനും റോഡ് സുരക്ഷാവാരം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ പൊതു വിദ്യാഭ്യാസ വകുപ്പ് 2019 ജൂൺ 10 മുതൽ 14 വരെ സംഘടിപ്പിച്ചു. സ്കൂൾ വാഹനങ്ങളുടെ സുരക്ഷ, സ്കൂൾ വാഹനങ്ങളുടെ സുരക്ഷിത യാത്ര ഉറപ്പാക്കൽ എന്നിവയ്ക്കാണ് മുൻഗണന നൽകിയിരിക്കുന്നത്. അദ്ധ്യാപകർ, പി.റ്റി.എ., സ്കൂൾ ജീവനക്കാർ, ഡ്രൈവർമാർ, വിദ്യാർത്ഥികൾ എന്നിവർക്ക് റോഡ് സുരക്ഷാ ക്ലാസ് നൽകുകയുണ്ടായി. കൂടാതെ സ്കൂൾ അസംബ്ലിയിൽ റോഡ് സുരക്ഷാ സന്ദേശങ്ങൾ വായിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.<br>കേരള റോഡ് സുരക്ഷാ അതോറിറ്റി SCERT-യുമായി സഹകരിച്ച് വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷാ അവബോധം നൽകുന്നതിനായി റോഡ് സുരക്ഷിത യാത്ര എന്ന കൈപ്പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | പാലക്കാട് ജില്ലയിൽ റോഡ് സേഫ്റ്റി ഫണ്ടിൽ നിലവിൽ എത്ര തുക നീക്കിയിരുപ്പുണ്ട്; ഈ സർക്കാർ നിലവിൽ വന്നതുമുതൽ 31.03.2019-വരെയുള്ള കാലയളവിലെ പ്രസ്തുത ഇനത്തിലുള്ള തുകയുടെ കണക്ക് ലഭ്യമാക്കാമോ; | (ബി) | പാലക്കാട് ജില്ലാ റോഡ് സുരക്ഷാ അതോറിറ്റിയ്ക്കായി 2015-16 വർഷത്തെ ബജറ്റ് വിഹിതമായി 10 ലക്ഷം രൂപ 21.01.2016-ൽ അനുവദിക്കുകയും 06.05.2017-ൽ തുക കൈമാറുകയും ചെയ്തു. ടി തുകയിൽ നിന്ന് 50,450/- രൂപ ചെലവഴിച്ചതായുള്ള പാലക്കാട് ജില്ലാ കളക്ടറുടെ 03.12.2019-ലെ റിപ്പോർട്ട് പ്രകാരം 9,49,550/- രൂപ നീക്കിയിരിപ്പ് കണക്കാക്കാവുന്നതാണ്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡ് സേഫ്റ്റി ഫണ്ട് വിനിയോഗിച്ച് എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കി; വിശദാംശം നൽകാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റോഡ് സേഫ്റ്റി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കാൻ അനുമതി നൽകിയ പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

ഭരണാനുമതി

**Projects funded by KRSA**
**Financial Year 2016-17**

| Sl.No | Project | Estimate | Department |
|---|---|---|---|
| 1 | Improvement of Black-Spot 15-16 | Rs.22.5 crore | PWD (Roads) |
| 2 | Automated Traffic Signal System at Karamana -Pravachambalam | Rs.88,76,514/- | Police |
| 3 | Repairing of Damaged Surveillance Camera Systems in the CherthalaMancheswaram Stretch | Rs.14,96,165/- | MVD |
| 4 | Solar Signal System, CRPF - Pallippuram, | Rs.12,11,680/- | Police |
| 5 | Road Safety Education Through Schools | Rs.1crore | NATPAC |
| 6 | Improvements to Kaduvamoozhy and Kochidappally in Pala - Erattupetta Road | Rs.1.45 crore | KSTP |
| 7 | Installation of Traffic signal lights at NDD, vembayam, Pothenkode, Market Jn | Rs.42,77,321/- | Police |
| 8 | Installation of Traffic Signal Light at Poojappura Junction and warning blinkers at Poojappura Bio Technology Road | Rs.13,92,087/- | Police |
| 9 | Road Marking with thermo plastic compound at town areas and School zones in Wayanad | Rs.3,66,038/- | PWD (NH) |
| 10 | Traffic Safety works at Thalikulam-Pathamkal curve, charakkad | Rs.12.4 Lakh | PWD (NH) |
| 11 | Krishnapuram- Puthiyakavu Traffic Safety Works | Rs. 65 lakh | PWD (NH) |

| | | | |
|---|---|---|---|
| 12 | Road Safety furniture and thermoplastic painting at Manjeri town and Traffic Safety Measures in between 77/000 – 79/000 of NH 966 | Rs.3,45,000/- | DRSC, MLP |
| 13 | Setting up of CVTS / CDTT at Kochi | Rs. 2crore | MVD |
| 14 | Karamana -Pravachambalam Road - Reduction of Road Accidents - Providing new Road Safety Measures | Rs. 25 lakh | PWD (NH) |
| 15 | Road Safety Action Plan for 2016-17 | Rs. 15 crore | MVD |
| | **<u>Financial Year 2017-18</u>** | | |
| 1 | Installation of Traffic Signal Light at Mangalapuram Junction | Rs.11,96,735/- | Police |
| 2 | Training to officials in the state dealing with dangerous and hazardous goods involved in road accidents. | Rs.10,00,000/- | Police |
| 3 | Installation of Solar Powered Traffic Signal System at Jalsoor Junction in Kasargod | Rs.12,83,734/- | Police |
| 4 | Installation of Traffic Signal System at Kallambalam Junction | Rs.13,84,150/- | Police |
| 5 | Providing Traffic Signal System at Pallippuram in front of Thonnal DeviTemple. | Rs.11,31,128/- | Police |
| 6 | Training to the Driving School Instructors at Institute of Drivers Training and Research , Edappal | Rs.31,20,000/- | MVD |
| 7 | Trivandrum-DRSC-MannanthalaThycaud road – Errecting Road Safety Boards, Crash Barriers | Rs.32,50,000/- | DRSC,TVM |

Financial Year 2018-19

| | | | | |
|---|---|---|---|---|
| 1 | Purchase of Traffic enforcement vehicle | Rs.4.90 lakhs | Police | 35th KRSA 25/04/18 (A2/1031/17) |
| 2 | Traffic Safety Messages kareelakulangara to kothukulangara | Rs.63.5 lakhs | PWD (NH) | 35th KRSA 25/04/18 A2/346/18 |
| 3 | Installation of Traffic Signals, blinker lights & mini mast light at Alappuzha | Rs.1,35,92,778 | Police | 35th KRSA Meeting 25/04/18 A2/362/18 |
| 4 | Safe Kerala | Amount to be finalised | Motor Vehicle Department | 35th KRSA Meeting 25/04/18 A1/180/16 |
| 5 | Good Samaritans Guidelines | — | DRSC/ KRSA | 36th KRSA Meeting 13/08/18 A1/600/14 |
| 6 | Installation of Traffic Surveillance camera at Kakkazham Bridge at Ambalapuzha | Rs 27,80,080/- | DRSC , ALP | 36th KRSA Meeting 13/08/18 A2/1033/18 |
| 7 | Road Safety measures at Pilathara-pappinishery KSTP Road | Rs.1,84,02,722/- | DRSC Kannur | 37th KRSA Meeting 23/01/19 A2/1202/18 |
| 8 | Road Safety Week- 2019 | Rs. 50 Lakh (sanctioned amount) Rs 40,60,000/- released to MVD | MVD | 37th KRSA Meeting 23/01/19 A2/1450/ 18 |

| | | | |
|---|---|---|---|
| 8 | Kollam -DRSC-Road Safety Measures | Rs.54,41,250/- | DRSC,Kolla m |
| 9 | Road safety measures at PathanamthittaDist | Rs.61,26,750/- | DRSC,PTA |
| 10 | Alappuzha- Proposals for improving Road Safety works at Anjilimood, Chengannoor | Rs.6,80,000/- | DRSC,Alp. |
| 11 | District Road Safety Council, Malappuram for providing Road Safety Measures at Malappuram District. | Rs.24,63,000/- | DRSc,Malap puram |
| 12 | DRSC, Kasargode for providingroad safety measures at Kasargode District | Rs.28,52,000/- | DRSc, Kasargode |
| 13 | Save Our Fellow Traveller | Rs.68,20,000/- | Police |
| 14 | Man power for enforcement automation project | Rs 24 lakhs | MVD |
| 15 | Relocation of Camera installed by MVD along Cherthala-Mannuthy Road | Rs.1,49,27,000 /- | MVD |
| 16 | Annual Maintenance Contract of Traffic signals all over the State | Rs.4,78,01,309 | Police |
| 17 | Purchase of Traffic Emergency vehicles | Rs.4.32 lakhs | Police |
| 18 | Installation of cautionary signal system at Eye-hospital junction, Pattor | Rs.91,585/- | Police |
| 19 | Road safety action plan for Kollam District | Rs.21,93,000/- | DRSC Kollam |
| 20 | Road Safety works Kollam | Rs.5,92,362/- | DRSC Kollam |
| 21 | Road Safety Messages at Kanjirappara junction, Kottayam | Rs.91,000/- | DRSC Kollam |

| | | | | |
|---|---|---|---|---|
| 9 | Sabarimala Safe Zone Project 2018-19 | Rs.79,15,000/- | MVD | 37th KRSA Meeting 23/01/19 A2/866/17 |
| 10 | Traffic improvement works at Koyilandy. | Rs.2,98,70,811 | DRSC,KKD | 38thKRSA meeting 06.03.2019 A2/223/19. |
| 11 | Identification & short-term improvement of Crash Blackspots in the State by NATPAC. | Rs.5,20,000/- & Rs.67,50,000/- | NATPAC | 38thKRSA, 06.03.19 - Phase -1<br>40th KRSA, 8/11/19 Phase -2<br>A2/1095/ 18 |

**Financial Year – 2019 - 2020**

| | | | | |
|---|---|---|---|---|
| 1 | Road Safety Measures at Kollam Bypass | Rs 3,72,04,924 | DRSC, Kollam | 39th KRSA 07/08/2019 A2/733/19 |
| 2 | Road Safety Awareness in School Curriculam | Rs 59,060/- Rs 8,62,125/- | SCERT | 39th KRSA 07/08/2019 A2/330/13 |
| 3 | Road Safety Awareness campaign 2019-20 | Rs 25 Lakhs | Stake-holding Depts. | 39th KRSA 07/08/2019 A2/227/19 |
| 4 | Installation of Traffic Safety Equipment – TVM City Police | Rs 3,97,200/- | DRSC, TVM | 39th KRSA 07/08/2019 A2/650/19 |
| 5 | Feasibility Study on Installation of Traffic Signal Lights/ Blinkers/Mini Mast Lights at Alappuzha | Rs 4,51,000 plus GST | NATPAC | 24th Executive Comm. 14/08/2019 |

| | | | | |
|---|---|---|---|---|
| 6 | Safe Kerala – Purchase of Enforcement Equipment | Rs.2,13,94,520 | MVD | 39th, 07/08/2019<br>A1/180/16 |
| 7 | Hand Book for Driver Training | Rs. 50,000/- | MVD | Sanctioned by RSC<br>A2/1052/19 |
| 8 | Sabarimala Safe Zone 19-20 | Rs.75,00,000/- | MVD | 40th KRSA, 08/11/2019<br>A2/1105/19 |
| 9 | Computer & Accessories for Accident Data Management work in SCRB | Rs.3,41,650/- | Police | 40th KRSA, 08/11/2019<br>A1/1185/19 |
| 10 | Feasibility study Installation of Signal lights at Pathirapally Junction, Alappuzha | Rs.64,000/- Plus tax | DRSC Alapuzha | 40th KRSA 08/11/2019 A2/1167/19 |
| 11 | Installation of Caution Lights at Aroor- Cherthala Stretch (NH-66), Alappuzha | Rs.16,47,000/- | DRSC Alapuzha | 40th KRSA 08/11/2019 A2/1168/19 |
| 12 | Road Safety Works at Kainatti Junction, Kalpetta, Wayanad | Rs. 1,29,00,000/- | DRSC Wayanad | 40th KRSA 08/11/2019 A2/1241/19 |
| 13 | Traffic Safety works between Pushpa Junction and Kolathara road, Kozhikode city | Rs.4,99,16,000/- | DRSC Kozhikode | 40th KRSA 08/11/2019A2/504/19 |
| 14 | Installation of Traffic Safety remedies at Thanissery Palakkad | Rs.3,80,00,000/- | DRSC Palakkad | 40th KRSA 08/11/2019A2/861/19 |
| 15 | Installation of Solar-Powered Traffic Blinkers at Kollam | Rs.5,62,000/- | Police | 40th KRSA 08/11/2019 A2/1168/19 |
| 16 | Disseminating Road Safety Messages through M/SPrasarBharati | Rs.1,35,29,993/- | PrasarBharati | 40th KRSA meeting held on 08/11/2019 |

| | | | | |
|---|---|---|---|---|
| 17 | 24th IIFK Sponsorship Exhibition of Road Safety Messages | Rs. 1,00,000/- | Kerala Chalachitra Academy | 40th KRSA meeting held on 08/11/2019 A1/1348/KRSA/18 |
| 18 | Road Safety Week 2020 | Rs 50,000,00 | MVD | Ad hoc meeting of KRSA 01/01/20<br>A2/1508/KRSA/19 |
| 19 | Safe Kerala<br>Hiring of vehicles for Enforcement squads | 56,000,00 | MVD | Ad hoc meeting of KRSA 01/01/20 |